പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2744 28-10-2026-ൽ മറുപടിയ്ക്ക്

ജൽ ജീവൻ പദ്ധതി നിർവഹണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങളിലെ കാലതാമസം, കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിലെ പ്രശ്നങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ലക്ഷ്യത്തിലെത്തുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്.

കേന്ദ്ര-കേരള സർക്കാരുകൾ 50:50 അനുപാതത്തിൽ സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ ജീവൻ മിഷൻ, പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിനാവശ്യമായ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി നബാർഡിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിലെ ബുദ്ധിമുട്ടുകൾ, ടാർ റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട സാഹചര്യം, ദേശീയപാത, പൊതുമരാമത്ത്, റെയിൽവേ, വനം തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതിലെ കാലതാമസം എന്നിവ പദ്ധതി നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ, തുടക്കത്തിൽ കോവിഡ് ലോക്ക്ഡൗണും അനുബന്ധ നിയന്ത്രണങ്ങളും കാലതാമസത്തിനിടയാക്കി. ഇത്തരം പ്രതിസന്ധികൾക്കിടയിലും പദ്ധതി ആരംഭിച്ച് നാലു വർഷത്തിനുള്ളിൽ നിലവിലുണ്ടായിരുന്നതിനേക്കാൾ അധികം കണക്ഷനുകൾ നൽകാനും ഗ്രാമീണ കണക്ഷൻ കവറേജിൽ ഏകദേശം 30 ശതമാനം വർധന കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

കൂടാതെ, 16.08.2024-ന് ശേഷം പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. NJJM-ന്റെ അനുമതി ലഭിക്കാത്തതിനാൽ 598

വർക്ക് പാക്കേജുകൾ ഇപ്പോഴും ടെൻഡർ/അവാർഡ് ഘട്ടത്തിലാണ്.

(ബി) ജലസംഭരണികൾ, ജലശുദ്ധീകരണ പ്ലാന്റുകൾ, പമ്പിങ് സംവിധാനങ്ങൾ, വിതരണ പൈപ്പ്ലൈനുകൾ എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടോ; കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവിധ സ്കീമുകളിലായി 5,546 വർക്ക് പാക്കേജുകളിൽ 3,214 എണ്ണം പൂർത്തീകരിക്കുകയും 1,770 എണ്ണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 598 പാക്കേജുകൾ ടെൻഡർ ഘട്ടത്തിലാണ്. 16.08.2024-ന് ശേഷം ലഭിച്ച ഓഫറുകൾക്ക് വർക്ക് അവാർഡ് നൽകാൻ NJJM-ന്റെ അനുമതി ആവശ്യമായതിനാൽ, ഇതിനായി 16.09.2026-ന് കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിക്കാത്തത് പദ്ധതി പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയും പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചതിനെത്തുടർന്നാണ് നബാർഡിൽ നിന്ന് വായ്പയെടുത്തത്.

പദ്ധതി ആരംഭിച്ചപ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നു. കേരളത്തിലെ ഗ്രാമ-നഗര സമ്മിശ്ര ആവാസവ്യവസ്ഥ കാരണം ചെറുകിട പദ്ധതികളിലൂടെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ നൽകുന്നത് പ്രായോഗികമല്ല. അതിനാൽ, ഉപരിതല ജലസ്രോതസ്സുകളെ അടിസ്ഥാനമാക്കി അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ കൂടി പരിഗണിച്ച്, പ്രതിവ്യക്തി പ്രതിദിനം കുറഞ്ഞത് 100 ലിറ്റർ കുടിവെള്ളം ഉറപ്പാക്കുന്ന സുസ്ഥിര പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇവ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്.

ജലസംഭരണികൾ, ജലശുദ്ധീകരണ പ്ലാന്റുകൾ, പമ്പിങ് സംവിധാനങ്ങൾ, വിതരണ പൈപ്പ്ലൈനുകൾ എന്നിവയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

ആസ്തിയുടെ തരം	**ആസൂത്രണം ചെയ്തത്**	**ഇതുവരെ പൂർത്തിയായത്**
ഇൻടേക്ക്	**299 എണ്ണം**	**92**

ജലശുദ്ധീകരണശാല (WTP)	**138 (1881.96 MLD)**	**7 എണ്ണം (25.6 MLD)**
സർവീസ് റിസർവോയർ	**1762 എണ്ണം**	**96 എണ്ണം**
പൈപ്പ്ലൈൻ	**123761.61 km**	**63340.36 km**
കണക്ഷൻ	**54.45 ലക്ഷം**	**21.54 ലക്ഷം**

ജെ.ജെ.എം 2.0 പ്രകാരം ജൽ ജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി നിർമ്മിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷനുകൾ ഉറപ്പാക്കുക.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ കണക്ഷനുകളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി കണക്ഷനുകൾ നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ ക്രമങ്ങൾ പരിഷ്കരിച്ച് മുന്നോട്ട് പോകൽ.

(സി) പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തിയ കരാറുകാർക്ക് ബില്ലുകൾ മാറി നൽകുന്നതിൽ കുടിശ്ശികയോ കാലതാമസമോ നിലനിൽക്കുന്നുണ്ടോ; ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടോ;

മറുപടി: കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് 50:50 എന്ന അനുപാതത്തിൽ നടത്തുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽ ജീവൻ മിഷൻ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പാക്കപ്പെടുന്നതാണ്.

ജൽ ജീവൻ മിഷനിൽ ₹44,714.78 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ₹39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതികാനുമതിയും ₹35,826.87 കോടി രൂപയുടെ പ്രവൃത്തികൾക്ക് വർക്ക് ഓർഡറും നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട്

സമാഹരിക്കുന്നത് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ചേർന്നാണ്. പദ്ധതിയിൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
2019-20	101.1	101.12
2020-21	3031	3031.17
2021-22	1353	1353.44
2022-23	2207	1616.28
2023-24	671.2	1207.15
2024-25	974.7	1451.94
2025-26	0	3000
2026-27	0	4000

ഇതുവരെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളായി ആകെ ലഭിച്ച ₹ 18,643.59 കോടി രൂപയിൽ ₹18,640.62 കോടി ചെലവഴിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി നബാർഡിൽ നിന്ന് ആകെ ₹9,000 കോടി വായ്പയെടുക്കാൻ സർക്കാർ വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയതിനെത്തുടർന്ന്, 04.11.2025-ൽ ₹5,000 കോടിയും 26.03.2026-ൽ ബാക്കി ₹4,000 കോടിയും നബാർഡ് അനുവദിച്ചു. ഇതിൽനിന്ന് ഇതുവരെ ലഭിച്ച ₹7,000 കോടി പൂർണമായും സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. അതിനാൽ കരാർ കുടിശ്ശിക കാരണമുള്ള സ്തംഭനാവസ്ഥ നിലവിൽ ഇല്ല.

(ഡി) പൈപ്പിടുന്നതിനായി പൊളിച്ച റോഡുകൾ പുനർനിർമിക്കാത്തതുമൂലം പൊതുജനങ്ങൾക്കും വാഹനയാത്രക്കാർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെയും റോഡുകൾ കുഴിക്കേണ്ടിവന്നിട്ടുണ്ട്. ഇതുമൂലം പൊതുജനങ്ങൾക്കും വാഹനയാത്രക്കാർക്കും നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) PWD റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾ ഫണ്ട് അഭാവം മൂലം മന്ദഗതിയിലായിരുന്നെങ്കിലും, സംസ്ഥാന സർക്കാർ നബാർഡ് വായ്പ ലഭ്യമാക്കി കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. കുഴിച്ച റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2) പുനഃസ്ഥാപന തുക അടച്ച് റോഡ് കുഴിക്കുന്നതിന് അനുമതി ലഭിച്ച സ്ഥലങ്ങളിൽ റോഡ് പുനഃസ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പുനഃസ്ഥാപന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും സർക്കാർ-ഉദ്യോഗസ്ഥതല യോഗങ്ങളിലൂടെ ഏകോപനം നടത്തിവരുന്നു.

3) ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള തുക മാത്രമാണ് അനുവദിച്ചിരുന്നത്. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിലെ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്.

ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനഃസ്ഥാപനത്തിനായി, പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെയുള്ള പദ്ധതികൾക്ക് ₹1,351.20 കോടി രൂപയുടെ അധിക അംഗീകാരം ലഭിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ മുറിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി 08.01.2024-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ഏകോപിപ്പിച്ച് മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് അല്ലെങ്കിൽ CFC ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്താൻ അനുമതി നൽകി 26.01.2026-ന് എൽ.എസ്.ജി.ഡി. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) പദ്ധതി നിർവഹണത്തിലെ കാലതാമസം പരിഹരിക്കുന്നതിനും പൂർത്തിയാകാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കുടിവെള്ള കണക്ഷനുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുന്നതിനും ജില്ലാതലത്തിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മറുപടി: പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനത്തിലൂടെ അവ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനതലത്തിൽ മിഷൻ ഡയറക്ടർക്കു പുറമേ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന മിഷനും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ ജല-ശുചിത്വ മിഷൻ/ജില്ലാ സാങ്കേതിക യൂണിറ്റും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ ഗ്രാമപഞ്ചായത്ത് ജല-ശുചിത്വ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനവും പ്രവൃത്തികളുടെ നിരന്തര വിലയിരുത്തലും വഴി തടസ്സങ്ങൾ നീക്കി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

- നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷനുകൾ ഉറപ്പാക്കുക.
- പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ കണക്ഷനുകളും പ്രവർത്തനക്ഷമമാക്കുക.
- പരമാവധി കണക്ഷനുകൾ നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
- ഫീൽഡിലെ അവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാക്രമങ്ങൾ പരിഷ്കരിച്ച് മുന്നോട്ട് പോകൽ.

സെക്ഷൻ ഓഫീസർ